**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1553** **19-09-2025 - ൽ മറുപടിയ്ക്ക്**

**കയർ ക്ഷേമനിധിയിൽ അംഗമായവർക്ക് റിട്ടയർമെന്റ് അനുകൂല്യങ്ങൾ നൽകാത്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത വ്യവസായമെന്ന നിലയിൽ കയർ വ്യവസായത്തിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ മൂലം കയർ തൊഴിലാളി ക്ഷേമനിധി ബോർഡും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ക്ഷേമനിധി നിയമപ്രകാരം കയറ്റുമതിക്കാരുടെ വിറ്റുവരവിനെ അടിസ്ഥാനമാക്കിയുള്ള അംശാദായം പിരിക്കുന്നതു തടഞ്ഞുകൊണ്ടുള്ള 2003 ലെ ബഹു. ഹൈക്കോടതി വിധിയും കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധികളും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി. പരിഹാരമെന്ന നിലയിൽ സർക്കാർ കൊണ്ടു വന്ന കയർതൊഴിലാളി ക്ഷേമ സെസ്സ് നിയമം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തതിനാൽ സെസ്സ് നിയമപ്രകാരമുള്ള തുടർ നടപടികളും തടസ്സപ്പെടുകയുണ്ടായി. കോവിഡിനു ശേഷം കയർ മേഖലയിലെ ചെറുകിട ഉല്പ്പാദകരുടെയും തൊഴിലാളികളുടെയും വലിയ തോതിലുള്ള കൊഴിഞ്ഞു പോക്കും ക്ഷേമനിധിയുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | 2021-ൽ ക്ഷേമനിധിയിലേക്കുള്ള തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചപ്പോൾ മാച്ചിങ് ഗ്രാന്റ് പത്ത് രൂപയായി നിജപ്പെടുത്തിയതാണോ പ്രതിസന്ധിക്ക് കാരണമെന്ന് വിശദമാക്കാമോ; | (ബി) | മാച്ചിംഗ് ഗ്രാൻഡ് നിജപ്പെടുത്തിയത് മൂലമല്ല, മറിച്ച്, കേരള കയർത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തൊണ്ടിന്റെയും ചകിരിയുടെയും കയറിന്റെയും കയർ ഉൽപ്പനങ്ങളുടെയും വിറ്റ് വരവിന്മേൽ സെസ്സ് ചുമത്തുന്നതിനും ആയത് പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2008 -ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിന്റെ സാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കയർ വിപണന - കയറ്റുമതി കമ്പനികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(c) 30000/2009, WP(c) 29548/2009 എന്നീ കേസുകളിലെ ഇടക്കാല വിധിപ്രകാരം സെസ്സ് പിരിക്കുന്നത് സ്റ്റേ |

| | | | |
|---|---|---|---|
| | | | ചെയ്തിരിക്കുന്നതിനാലാണ് പ്രധാനമായും കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളത്. വർദ്ധിത തോതിലുള്ള ഭരണപരമായ ചെലവുകൾ വഹിക്കേണ്ടി വരുന്നതും ബോർഡ് നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. |
| (സി) | കയർ തൊഴിലാളികൾക്ക് കാലാനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാത്തതും അഞ്ച് വർഷത്തിലേറെയായി വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കാത്തതുമായ സാഹചര്യം ഉണ്ടോ; എങ്കിൽ അത് ഈ മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുണ്ടോ; | (സി) | കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കാലാനുസൃതമായി സ്വീകരിച്ചുവരുന്നു. പരമ്പരാഗത കയർ തൊഴിലാളികളെ പുതുതലമുറ ഉൽപ്പന്നങ്ങളിലോട്ട് ചുവടുമാറ്റത്തിനും അതുവഴി അതിജീവനത്തിനും സഹായിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിപണന സാധ്യതയുള്ള കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് NID ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. ഇപ്പോൾ ആലപ്പുഴയിൽ ആദ്യ ഘട്ടമായി 350 പേർക്ക് ദിവസം 600/- രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.<br><br>ഡിസൈൻ പരിശീലനം ലഭിച്ച കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കയർ കോർപറേഷൻ വഴി ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്.<br><br>ആഭ്യന്തര-വിദേശ വിപണി വിപുലീകരണത്തിനായി ആമസോൺ, പെപ്പർ ഫ്രൈ , ഇന്ത്യ മാർട്ട്, എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി കയർ ഉൽപ്പന്നങ്ങളുടെ വിൽപന നടത്തിവരുന്നു. കേരള സർക്കാരിന്റെ KShoppe (E-commerce platform)വഴിയും കയർ ഉൽപ്പന്നങ്ങളുടെ വിൽപന നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം ലുലു മാളിൽ കയർ കോർപ്പറേഷന്റെ പുതിയ വിൽപ്പനശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ചെറുകിട ഉല്പാദകരുടെ നെയ്ത്ത് തറികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ചെലവിന്റെ 50% പരമാവധി 15,000/- രൂപ നൽകി അവരുടെ പ്രവർത്തന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി നടപ്പ സാമ്പത്തിക വർഷം 900 തറി കൾക്ക് 15,000/- രൂപ നിരക്കിൽ 1.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായി 30 തറികൾക്ക് 15,000/- രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | 4.5 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ചകിരിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി മുഖേന നിലവിലുള്ള ASM യൂണിറ്റുകളിൽ 500 എണ്ണം Maintenance ചെയ്തു. 250 എണ്ണം ഈ വർഷം Maintenance ചെയ്തു ഉത്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുവഴി കയറിന്റെ ഗുണമേന്മയും ഉത്പാദനവും കൂടിയിട്ടുണ്ട്.<br><br>30-50 Kg x (140 റണ്ണേജ്) കയർ ഉദ്പാദനം മാത്രം ഉണ്ടായിരുന്നത് നിലവിൽ 50-65 Kg x (160 റണ്ണേജ്) കയർ ഉത്പാദനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2011-16 വരെയുള്ള കാലഘട്ടത്തിൽ 36771 ടൺ കയറാണ് ഉല്പാദിപ്പിച്ചിട്ടുള്ളത്. എന്നാൽ 2016- 21 ൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ ഉത്പാദനം 77218 ടണ്ണായി വർധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് 31.07.2025 വരെ 58403.13 ടൺ കയർ ഉല്പാദിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 31.07.2025 വരെ 3580.13 ടൺ കയർ നിലവിൽ ഉല്പാദിപ്പിച്ചിട്ടുണ്ട്.<br><br>കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു കിലോ കയറിന് 3.5 മുതൽ 6.5 രൂപ വരെ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ പരമ്പരാഗത ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 350/- രൂപയിൽ നിന്ന് 400/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കയറുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനമായിട്ടുണ്ട്. ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് 5 കോടി രൂപ അനുവദിച്ച് കയർ ഫൈബർ ബാങ്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കയർ സംഘങ്ങൾക്ക് സമയബന്ധിതമായി ഉൽപ്പന്നങ്ങളുടെ വില ഉറപ്പാക്കുന്നതിനും, അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ട് കയർ റിവോൾവിംഗ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് . |
| (ഡി) | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ചുകൊണ്ട് കയർ തൊഴിലാളികൾക്ക് കാലാനുസൃതമായ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കയർ തൊഴിലാളികൾക്ക് കാലാനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതും, വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 53.92 ലക്ഷം രൂപയും നടപ്പ് വർഷം ഒരു കോടി രൂപയും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ